# പതിമൂന്നാം കേരളനിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.630** | **01/12/2015-ൽ മറുപടിക്ക്**

## സംസ്ഥാനത്തെ ഐ.ടി. മേഖലയിലെ തൊഴിൽ ലഭ്യത

**ചോദ്യം** | **മറുപടി**

**ശ്രീ. കോടിയേരി ബാലകൃഷ്ണൻ** | **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്തെ ഐ.ടി. മേഖലയിൽ പുതുതായി എത്ര പേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഐ.ടി.പാർക്കുകളായ തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോപാർക്ക്, കോഴിക്കോട് സൈബർപാർക്ക്, KSITIL-ന്റെ പദ്ധതിയായ ടെക്നോലോഡ്ജുകൾ എന്നിവിടങ്ങളിലായി ഏകദേശം 33,500 തൊഴിലവസരങ്ങൾ പുതുതായി ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | ഇതിൽ സർക്കാർ നേരിട്ട് തൊഴിൽ നൽകിയതും, സ്വകാര്യ സ്ഥാപനങ്ങൾ നൽകിയതും എത്ര വീതമാണെന്ന് വിശദമാക്കാമോ; | (ബി) & (സി) | മുകളിൽ പറയുന്ന സ്ഥാപനങ്ങളിലെ ഭരണ നിർവ്വഹണ ഓഫീസുകളിൽ ആകെ 95 തൊഴിലവസരങ്ങളും, സർക്കാർ നിയന്ത്രണത്തിലുള്ള ഐ.ടി. പാർക്കുകളിലെ സ്വകാര്യ സ്ഥാപനങ്ങളിലും, ടെക്നോലോഡ്ജസ് പദ്ധതികളിലും കൂടി ലഭ്യമാക്കിയ തൊഴിലവസരങ്ങൾ ഏകദേശം 33,400 ആണ്. |
| (സി) | ഐ.ടി മേഖലയിലെ ഏതൊക്കെ സ്ഥാപനങ്ങളിലാണ് തൊഴിൽ നൽകിയതെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ